അടുത്തകാലത്ത് പുറപ്പെടുവിച്ച ഗവൺമെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് എക്സ്പ്രസ് സർവ്വീസുകൾ താലൂക്ക് ആസ്ഥാനങ്ങളിലും ഫാസ്റ്റ് സർവ്വീസുകൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളിലും സ്റ്റോപ്പ് അനുവദിച്ചാൽ മതിയെന്നുള്ളതുകൊണ്ടും പ്രസ്തുത സ്ഥലത്തു സ്റ്റോപ്പ് അനുവദിക്കേണ്ട എന്നു തീരുമാനിക്കുകയും ആ വിവരം റ്റി.ആർ.സി.3/055952/98 തീയതി 9-6-99 പ്രകാരം അറിയിക്കുകയും ചെയ്തു.

(സി) സൂപ്പർഫാസ്റ്റിനും സൂപ്പർഎക്സ്പ്രസിനും പ്രസ്തുത സ്ഥലത്തു റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

77 (1042) അനുവദിച്ച സ്റ്റോപ്പിൽ ബസ് നിർത്താൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിലെ കാരക്കാട് ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ്പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടെങ്കിലും നിറുത്താറില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിമിറ്റഡ് സ്റ്റോപ്പ്ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ എല്ലാ ബസുകളും ഇവിടെ നിറുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിമിറ്റഡ് സ്റ്റോപ്പ്ബസ്സുകൾ നിറുത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

78 (1043) കൊടുങ്ങല്ലൂരിൽ നിന്നും പളനിക്ക് ബസ് സർവ്വീസ്

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽനിന്ന് തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ള "പളനി" അന്തർസംസ്ഥാന ബസ് സർവ്വീസുകളിൽ ഏതെങ്കിലും കൊടുങ്ങല്ലൂരിൽ നിന്നാരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ ചുരുങ്ങിയ പക്ഷം പ്രസ്തുത സർവ്വീസുകൾ കൊടുങ്ങല്ലൂർ വരെ നീട്ടണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കൊടുങ്ങല്ലൂർ-പളനിറൂട്ട് അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത റൂട്ട് ഓടിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly